പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1409 | 31.10.2019-ൽ മറുപടിക്ക്

## ഫ്ലഡ് ലെവൽ മാർക്കിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2018-ലെയും 2019-ലെയും പ്രളയ ങ്ങളുടെ പശ്ചാത്തലത്തിൽ വിവിധ നദികളിൽ ഫ്ലഡ് ലെവൽ മാർക്കിംഗ് നടത്തുന്നതിനായി റവന്യൂ വകുപ്പിൽ നിന്ന് തുക അനുവദി ച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശ ങ്ങൾ നൽകാമോ; | (എ) ഉണ്ട്. 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയം ബാധിച്ച അച്ചൻകോവിൽ, പമ്പ, മണിമല, പെരിയാർ, മീനച്ചിൽ, ചാലക്കുടി, ഭാരതപ്പുഴ എന്നീ പ്രധാന നദികളിൽ ഫ്ലഡ് ലെവൽ മാർക്കിംഗ് സർവ്വെ നടത്തുന്നതിന് ഇതുവരെ 14 ലക്ഷം രൂപ 11.02.2019-ലെ സ.ഉ(സാധാ) നം.481/2019/റവന്യൂ പ്രകാരം, റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (ബി) ഏതൊക്കെ നദികളിലാണ് ഇതിനോടകം ഫ്ലഡ് ലെവൽ മാർക്കിംഗ് സ്ഥാപിച്ചിട്ടുള്ളത്; ഇതിനായി ഏത് ഏജൻസി യെയാണ് ചുമതലപ്പെടുത്തിയത്; ഇതിനായി വരുന്ന ചെലവെത്ര; | (ബി) അച്ചൻകോവിൽ, പമ്പ, മണിമല, പെരിയാർ, മീനച്ചിൽ, ചാലക്കുടി, ഭാരതപ്പുഴ എന്നീ 7 നദികളിലാണ് ഫ്ളഡ് ലെവൽ മാർക്കേഴ്സ് സ്ഥാപിച്ചു വരുന്നത്. ഇത് നിലവിൽ വിവിധ ഘട്ടങ്ങളിലാണ്. ഫ്ളഡ് ലെവൽ മാർക്കറുകൾ സ്ഥാപിക്കുന്ന ജോലി നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിട്ടുണ്ട്. ഐ.എൽ.ഡി.എം-ലെ റിവർ മാനേജ്മെന്റ് സെന്ററിനെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് എങ്കിലും സർവ്വെ ഓഫ് ഇന്ത്യാ , കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ എന്നീ സ്ഥാപന ങ്ങളുമായി സഹകരിച്ച് സംയുക്തമായാണ് ഈ സർവ്വെ നടപ്പിലാക്കി വരുന്നത്. |
| (സി) സംസ്ഥാനത്തെ മുഴുവൻ നദികളിലും അനുയോജ്യമായ സ്ഥലങ്ങളിൽ ഫ്ലഡ് ലെവൽ മാർക്കിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (സി) നിലവിൽ നടത്തി വരുന്ന 7 നദികളുടെ ഫ്ലഡ് ലെവൽ മാർക്കിംഗ് സർവ്വെ പൂർത്തിയായ ശേഷം സംസ്ഥാന ഉന്നതതല സമിതിയുടെ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് പ്രളയം ബാധിച്ച മറ്റു നദികളിലേയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ